## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 725** **29/05/2019-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതി മുഖേന എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതി മുഖേന അർഹരായ 26041 പേർക്ക് 197,01,08,083/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പരിധി വർദ്ധിപ്പിച്ചിട്ടില്ല. റിസ്ക് ഫണ്ട് തുക വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് നിയമാവലി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (സി) | റിസ്ക് പണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന തായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഏകദേശം 60 ശതമാനത്തോളം അപേക്ഷകൾ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാ ത്തതാണ്. ടി അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ള അപേക്ഷകളിൽ ദ്രുതഗതിയിൽ ധനസഹായ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ